(സി) ചവറ, കണ്ടശ്ശാംകടവ് തുടങ്ങിയ സുപ്രധാന തെഴിലാളിസമരങ്ങൾ മത്തുതീർപ്പിലെത്തിക്കാൻ ഈ കമ്മീഷനിയുമായി ഗവണ്മെൻറ് ആലോചന നടത്തിയിട്ടുണ്ടോ ;

(ഡി) ഈ കമ്മീഷനിയുടെ ജോലി സ്വഭാവമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീപാദം ഭൂമികൾ.

* 1029. [9] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രത്യേക അവകാശനിഷേധബില്ലിൽപ്പെട്ട ശ്രീപാദം ഭൂമികളെക്കുറിച്ചു് ഗവണ്മെൻറ് ശ്രീപാദം അധികൃതരുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻറെ സ്വഭാവമെന്തു് ;

(സി) ശ്രീപാദം ഭൂമികളിന്മേലുള്ള ദുർവഹമായ നികുതിഭാരം കുറയ്ക്കുവാൻ Special Rights Abolition Bill ഈ സെഷനിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ഇക്കാര്യത്തിൽ അവസാന തീരുമാനം ആയിട്ടില്ലാത്തതിനാൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നതു് ആശാസ്യമല്ല.

(സി) ഇല്ല. ഇക്കാര്യത്തിൽ വേണ്ട നിയമനിർമ്മാണത്തെപ്പറ്റി കഴിയുന്നതുംവേഗത്തിൽ ഗവണ്മെൻറ് ഒരു തീരുമാനം എടുക്കുന്നതാണു്.

അദ്ധ്യാപകന്മാരുടെ ശമ്പളം.

* 1030. [12] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാർക്കു് സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്കൊപ്പം ശമ്പളവും അലവൻസും മറ്റും കൊടുക്കാമെന്നുള്ള ഗവണ്മെൻറിൻറെ തീരുമാനം എന്നുമുതൽ നടപ്പിലാക്കാമെന്നാണു് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതു് ;

(ബി) ഇതുസംബന്ധിച്ചു കേന്ദ്രഗവണ്മെൻറ് വിദ്യാഭ്യാസവകുപ്പിൽനിന്നും എന്തെങ്കിലും അറിയിപ്പു് സംസ്ഥാന ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ചു സംസ്ഥാന ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനു് എന്തെങ്കിലും എഴുതിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പേ കമ്മീഷൻ റിപ്പോർട്ടിന്മേൽ തീരുമാനം എടുക്കുന്നതോടുകൂടി ഇതു സംബന്ധിച്ചുള്ള തീരുമാനവും എടുക്കുന്നതാണു്.

(ബി) ഉണ്ടു്

(സി) ഉണ്ടു്. ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly